# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1019

25.01.2018-ലെ മറുപടി

## കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരളത്തിൽ വേനൽക്കാലത്ത് സ്ഥിരമായി ഉണ്ടാകുന്ന കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ, ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് 5 പഞ്ചായത്തുകളിലെങ്കിലും, നേരത്തേതന്നെ കുടിവെള്ള സ്രോതസ്സ് കണ്ടുപിടിച്ച്, എക്കാലത്തും ജലലഭ്യത ഉറപ്പാക്കുന്ന തരത്തിൽ വലിയ കുളമോ, കിണറുകളോ കുഴിച്ച് കുടിവെള്ളം സംഭരിച്ച് അവശ്യസമയത്ത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (എ) | ഓരോ പ്രദേശങ്ങളുടെയും പ്രത്യേകത കണക്കിലെടുത്ത് അവിടുങ്ങളിൽ ലഭ്യമായ സുസ്ഥിര ജലസ്രോതസുകൾ കണ്ടെത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | 2018-19 ൽ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ പുതിയ പദ്ധതികൾക്കായി എത്രകോടി രൂപ വകയിരുത്താൻ സർക്കാർ ഉദ്ദേശിയ്ക്കുന്നു എന്ന കാര്യം വിശദമാക്കുമോ; | (ബി) | ബജറ്റ് നിർദ്ദേശങ്ങളിലൂടെ മാത്രമേ വ്യക്തമാക്കുവാൻ നിർവ്വാഹമുള്ളൂ. |
| (സി) | അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് സംസ്ഥാനത്ത് വിവിധ കുടിവെള്ളപദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അടുത്ത 30 വർഷത്തെ കുടിവെള്ളത്തിന്റെ ആവശ്യം മുൻകൂട്ടി കണ്ടുകൊണ്ടാണ് കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ